REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 31-03-2026 സമയം 06.45 AM

## പ്രധാന വാർത്തകൾ

- **നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ പ്രചാരണത്തിന്റെ കൊട്ടിക്കലാശത്തിലേക്ക് ഇനി എട്ടുനാൾ.**
- **BJP യുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് ദേശീയ അധ്യക്ഷൻ നിതിൻ നബീൻ ഇന്ന് തിരുവനന്തപുരത്ത്.**
- **മുഖ്യമന്ത്രി പിണറായി വിജയൻ നേമം, വട്ടിയൂർക്കാവ്, കഴക്കൂട്ടം മണ്ഡലങ്ങളിൽ ഇന്ന് പ്രചാരണ പരിപാടികളിൽ പങ്കെടുക്കും**
- **ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധിയുടെ പ്രചാരണം ഇന്ന് കണ്ണൂർ, കോഴിക്കോട് ജില്ലകളിൽ.**
- **ഭിന്നശേഷിക്കാർക്കും 85 മേൽ പ്രായമായവർക്കും ഏർപ്പെടുത്തിയ ഹോം വോട്ടിംഗിൽ ഇന്നലെ 11,000ത്തോളം പേർ വോട്ട് രേഖപ്പെടുത്തി.**
- **സപ്ലൈകോ ഈസ്റ്റർ - വിഷു ഫെയറുകൾ നാളെ ആരംഭിക്കും.**
- **IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ്, ചെന്നൈ സൂപ്പർകിംഗ്സിനെ എട്ടു വിക്കറ്റിന് തകർത്തു.**

## വാർത്തകൾ വിശദമായി

നിയമസഭാ തെരഞ്ഞെടുപ്പിൽ കേരളത്തിലെ പ്രചാരണത്തിന്റെ കൊട്ടിക്കലാശത്തിലേക്ക് ഇനി എട്ടുനാൾ. മുന്നണികളുടെയും പാർട്ടികളുടെയും മുൻനിര നേതാക്കൾ പ്രചാരണത്തിന് എത്തുന്നതോടെ സംസ്ഥാനത്തെ തെരഞ്ഞെടുപ്പ് രംഗം ഇനിയും ചൂടു പിടിക്കും.

BJP യുടെ തെരഞ്ഞെടുപ്പ് പ്രചാരണത്തിന് നേതൃത്വം നൽകാൻ പാർട്ടി ദേശീയ അധ്യക്ഷൻ നിതിൻ നബീൻ ഇന്ന് തിരുവനന്തപുരത്ത് എത്തും. ഇടപ്പഴഞ്ഞിയിൽ തെരഞ്ഞെടുപ്പിന്റെ NDA വികസിത കേരളം മാർഗരേഖ അദ്ദേഹം പ്രകാശനം ചെയ്യും. സംസ്ഥാന പ്രസിഡന്റ് രാജീവ് ചന്ദ്രശേഖറാണ് ' ഇതാണ് മാറ്റം, ഇതാണ് വികസിത കേരളം ' എന്ന വികസന മാർഗരേഖ പുറത്തിറിക്കുന്നത്. ഉച്ചക്ക് ആറ്റിങ്ങലിൽ നിതിൻ നബീൻ റോഡ് ഷോ നടത്തും. തുടർന്ന് വൈകിട്ട് മലപ്പുറം താനൂരിലെ പൊതുസമ്മേളനത്തിൽ പങ്കെടുക്കും. നാളെ മട്ടന്നൂരിലും കൂത്തുപറമ്പിലും റോഡ് ഷോകളിൽ നിതിൻ നബീൻ പങ്കെടുക്കും. കേന്ദ്രമന്ത്രി രാജ്നാഥ് സിംഗ് NDA സ്ഥാനാർത്ഥികളുടെ പ്രചാരണത്തിന് നാളെ തിരുവനന്തപുരത്തെത്തും.

പ്രചാരണത്തിന്റെ കൂടുതൽ വിവരങ്ങൾ

...........വോയ്സ്.........

മുഖ്യമന്ത്രി പിണറായി വിജയൻ ഇന്ന് തിരുവനന്തപുരം ജില്ലയിൽ പ്രചാരണ പരിപാടികളിൽ പങ്കെടുക്കും. രാവിലെ അരുവിക്കരയിലും വൈകിട്ട് വട്ടിയൂർകാവിലും, നേമത്തും കഴക്കൂട്ടത്തും മുഖ്യമന്ത്രി പ്രചാരണം നടത്തും. ശക്തമായ ത്രികോണ മത്സരം പ്രതീക്ഷിക്കുന്ന മണ്ഡലങ്ങളിലാണ് മുഖ്യമന്ത്രിയുടെ ഇന്നത്തെ പ്രചാരണം. നാളെ ആലപ്പുഴയിൽ ആണ് മുഖ്യമന്ത്രി പ്രചാരണ പരിപാടിയിൽ പങ്കെടുക്കുന്നത്.

ലോക്സഭാ പ്രതിപക്ഷ നേതാവ് രാഹുൽ ഗാന്ധി ഇന്ന് കണ്ണൂരിലാണ് തെരഞ്ഞെടുപ്പ് പ്രചരണ പരിപാടിയിൽ ആദ്യം പങ്കെടുക്കുന്നത്. രാവിലെ കണ്ണൂർ പോലീസ് മൈതാനിയിലാണ് പൊതുപരിപാടി.

കണ്ണൂർ വിമാനത്താവളത്തിൽ ഇറങ്ങുന്ന രാഹുൽഗാന്ധി ഹെലികോപ്റ്ററിൽ കലക്ടറേറ്റ് മൈതാനിയിൽ എത്തും. കണ്ണൂർ ജില്ലയിലെ 11 നിയമസഭാ മണ്ഡലങ്ങളിലെയും UDF സ്ഥാനാർത്ഥികൾ യോഗത്തിൽ പങ്കെടുക്കും.

പിന്നീട് കോഴിക്കോട് ജില്ലയിലെ കല്ലാച്ചി , പേരാമ്പ്ര, ബാലുശ്ശേരി, നന്മണ്ട, കൊയിലാണ്ടി എന്നിവിടങ്ങളിൽ അദ്ദേഹം പ്രചാരണപരിപാടികളിൽ പങ്കെടുക്കും. കൊയിലാണ്ടിയിൽ രാഹുൽ ഗാന്ധിയുടെ റോഡ് ഷോയും പൊതുയോഗവും ഉണ്ടായിരിക്കും.

✪✪✪

ഭിന്നശേഷിക്കാർക്കും 85 മേൽ പ്രായമായവർക്കും വീട്ടിൽ തന്നെ വോട്ടിംഗ് സൗകര്യം ഒരുക്കുന്ന ഹോം വോട്ടിംഗിൽ ആദ്യ ദിവസമായ ഇന്നലെ പതിനൊന്നായിരത്തോളം പേർ വോട്ട് ചെയ്തതായി മുഖ്യതെരഞ്ഞെടുപ്പ് ഓഫീസർ ഡോ. രത്തൻ U കേൽക്കർ അറിയിച്ചു. രണ്ട് ലക്ഷത്തി

എണ്ണായിരത്തിലേറെ പേർക്കാണ് ഇത്തരത്തിൽ വോട്ട് ചെയ്യാൻ അവസരം നൽകുന്നത്. കാസർകോട്, കണ്ണൂർ ജില്ലകളിലാണ് കൂടുതൽ പേർ വോട്ട് രേഖപ്പെടുത്തിയത്. എന്നാൽ പാലക്കാട്ട് ഒരാൾ പോലും ഈ വിഭാഗത്തിൽ വോട്ട് രേഖപ്പെടുത്തിയില്ല. ഏപ്രിൽ 4 വരെയാണ് ഹോം വോട്ടിംഗ് സൗകര്യം ഒരുക്കുന്നത്. ഇന്നലെ തൃശൂരിൽ കലാമണ്ഡലം ഗോപിയാശാൻ ഈ സൗകര്യം ഉപയോഗിച്ച് വോട്ട് ചെയ്തു.

ഡെസ്ക് റിപ്പോർട്ട്

........വോയ്സ്........

നിയമസഭാ പൊതുതിരഞ്ഞെടുപ്പിനോടനുബന്ധിച്ച്, അവശ്യ സർവീസ് ഉദ്യോഗസ്ഥരുടെ പോസ്റ്റൽ വോട്ടിംഗ് കേന്ദ്രങ്ങളുടെ പട്ടികയും സമയക്രമവും പ്രസിദ്ധീകരിച്ചു. ഫയർഫോഴ്സ്, എക്സൈസ്, KSEB, KSRTC, വാട്ടർ അതോറിറ്റി, റെയിൽവേ, BSNL, മാധ്യമപ്രവർത്തകർ തുടങ്ങി, തിരഞ്ഞെടുപ്പ് കമ്മീഷൻ വിജ്ഞാപനം ചെയ്ത വിഭാഗങ്ങളിലെ ജീവനക്കാർക്കാണ് ഈ സൗകര്യം. പോളിംഗ് സ്റ്റേഷന് സമാനമായ സുരക്ഷാ സംവിധാനങ്ങളോടെയാണ് പോസ്റ്റൽ വോട്ടിംഗ് സെന്റർ പ്രവർത്തിക്കുന്നത്. ഇന്ന് മുതൽ ഏപ്രിൽ ആറ് വരെ വോട്ടിങ്ങ് കേന്ദ്രത്തിൽ നേരിട്ടെത്തി വോട്ട് രേഖപ്പെടുത്താം.

✪✪✪

തിരുവനന്തപുരം ജില്ലയിലെ പോളിംഗ് ഉദ്യോഗസ്ഥരുടെ പരിശീലനം മുൻനിശ്ചയിച്ച പ്രകാരം നാളെ മുതൽ ഏപ്രിൽ നാല് വരെ നേരത്തെ നിശ്ചയിച്ച പരിശീലന കേന്ദ്രങ്ങളിൽ നടത്തുമെന്ന് ജില്ലാ നോഡൽ ഓഫീസർ അറിയിച്ചു.

നാളെയും മറ്റന്നാളും വോട്ടിംഗ് യന്ത്രങ്ങളുടെ കമ്മീഷനിംഗ് നടത്തുന്നതിനാൽ പരിശീലന തീയതിയിൽ മാറ്റം ഉണ്ടെന്ന തരത്തിൽ വാട്സ് ആപ്പ് സന്ദേശങ്ങൾ പ്രചരിക്കുന്ന സാഹചര്യത്തിലാണ് വിശദീകരണം.

✪✪✪

സ്ഥാനാർത്ഥികളുടെ തിരഞ്ഞെടുപ്പ് വരവ് - ചെലവ് കണക്കുകളുടെ ആദ്യ പരിശോധന കണ്ണൂരിൽ ഇന്ന് നടത്തും. ഏപ്രിൽ നാല്, ഏഴ് തീയതികളിലും ചെലവ് നിരീക്ഷകർ കണക്ക് പരിശോധിക്കുമെന്ന് ജില്ലാ തിരഞ്ഞെടുപ്പ് ഓഫീസർ കൂടിയായ കളക്ടർ അറിയിച്ചു.

തിരുവനന്തപുരം ജില്ലയിലെ വരവ് - ചെലവ് കണക്കുകളുടെ രണ്ടാം പരിശോധന ഏപ്രിൽ ഒന്നു മുതൽ നാല് വരെയാണ്.

✪✪✪

ഹരിത നിയമസഭ തെരഞ്ഞെടുപ്പ് പ്രചരണത്തിന് കണ്ണൂർ ജില്ലാ ശുചിത്വ മിഷന്റെ ഹരിത വിസ്മയം മാജിക് ഷോ പ്രചാരണയാത്ര ഇന്ന് തുടങ്ങും. 'വോട്ട് ചെയ്യുന്നതിനോടൊപ്പം ഭൗമ സംരക്ഷണവും' എന്ന ആശയത്തോടെയാണ് മാജിക് ഷോ. രാവിലെ തലശ്ശേരിയിൽ നിന്ന് ആരംഭിക്കുന്ന മാജിക് ഷോ യാത്ര കൂത്തുപറമ്പിലും, മട്ടന്നൂരും പരിപാടി അവതരിപ്പിക്കും.

✪✪✪

രാഷ്ട്രപതി ദ്രൗപതി മുർമു ഇന്ന് ബീഹാർ സന്ദർശിക്കും. സന്ദർശനത്തിന്റെ ആദ്യ ദിവസം, ബീഹാർ രാജ്ഗിറിലെ നളന്ദ സർവകലാശാലയുടെ ബിരുദദാന ചടങ്ങിൽ രാഷ്ട്രപതി പങ്കെടുക്കും. നാളെ, കർണാടകയിലെ തുമകുരുവിലെ ശ്രീ സിദ്ധഗംഗ മഠത്തിൽ, ഡോ. ശ്രീ ശ്രീ ശിവകുമാര മഹാസ്വാമിജിയുടെ 119-ാം ജന്മദിനാഘോഷത്തിലും ഗുരുവന്ദന ചടങ്ങിലും രാഷ്ട്രപതി പങ്കെടുക്കും.

✪✪✪

പ്രധാനമന്ത്രി നരേന്ദ്രമോദി ഇന്ന് ഗുജറാത്തിൽ 19,806 കോടിയിൽ പരം രൂപയുടെ പദ്ധതികൾക്ക് തുടക്കമിടും. 3664 കോടി രൂപയുടെ പൂർത്തീകരിച്ച മൂന്ന് പദ്ധതികൾ അദ്ദേഹം രാഷ്ട്രത്തിന് സമർപ്പിക്കും. ഖാവ്ഡയിൽ ലോകത്തെ ഏറ്റവും വലിയ ഹൈബ്രിഡ് പുനരുപയോഗ ഊർജ്ജ പാർക്കും ഇവയിൽ ഉൾപ്പെടുന്നു.

✪✪✪

ഇന്ന് മഹാവീർ ജയന്തി. രാഷ്ട്രപതി ദ്രൗപദി മുർമു, ജൈനമത വിശ്വാസികൾക്ക് ആശംസകൾ നേർന്നു.

✪✪✪

രാജ്യത്തെ 16-ാമത് സെൻസസ് നടപടികൾ നാളെ മുതൽ ആരംഭിക്കും. സ്വാതന്ത്ര്യാനന്തര ഇന്ത്യയിലെ എട്ടാമത്തെ സെൻസസാണിത്.പൂർണ്ണമായും ഡിജിറ്റൽ സംവിധാനങ്ങൾ പ്രയോജനപ്പെടുത്തി രണ്ട് ഘട്ടങ്ങളിലായാണ് സെൻസസ് പൂർത്തിയാക്കുന്നത്. രണ്ടാം ഘട്ടത്തിൽ ജാതി കണക്കെടുപ്പും ഉണ്ടായിരിക്കും.

✪✪✪

പശ്ചിമേഷ്യൻ യുദ്ധം അവസാനിപ്പിക്കാൻ ഇറാൻ കരാറിന് തയ്യാറായില്ലെങ്കിൽ ജലശുദ്ധീകരണ ശാലകളും ഊർജ്ജ നിർമ്മാണ് കേന്ദ്രങ്ങളും തകർക്കുമെന്ന് US പ്രസിഡന്റ് ഡൊണാൾഡ് ട്രംപ് മുന്നറിയിപ്പ് നൽകി. ഇറാന്റെ ഖാർഗ് ഐലന്റ് ഓയിൽ കയറ്റുമതി ഹബ് അമേരിക്കൻ സേന പിടിച്ചെടുക്കുമെന്നും ട്രംപ് പറഞ്ഞു.

✪✪✪

സപ്ലൈകോ ഈസ്റ്റർ -- വിഷു ഫെയറുകൾ നാളെ ആരംഭിക്കും. ഏപ്രിൽ 14 വരെ ഇവ പ്രവർത്തിക്കും. സപ്ലൈകോ മാവേലി സ്റ്റോറുകൾ ഒഴികെ വില്പനശാലകളാണ് ഈസ്റ്റർ --വിഷു ഫെയറുകളായി മാറുന്നത്. വിഷുക്കൈനീട്ടം, 16 അവശ്യസാധനങ്ങൾ അടങ്ങിയ വിഷുക്കണി പ്രത്യേക കിറ്റ് എന്നിവ സപ്ലൈകോ വിഷുവിനോട് അനുബന്ധിച്ച് ഒരുക്കുന്നുണ്ട്.

✪✪✪

ഖേലോ ഇന്ത്യ ട്രൈബൽ ഗെയിംസിൽ 17 സ്വർണ്ണവുമായി കർണ്ണാടക കുതിപ്പ് തുടരുന്നു. 9 സ്വർണ്ണത്തോടെ ഒഡീഷയാണ് രണ്ടാം സ്ഥാനത്ത്. 6 സ്വർണ്ണം നേടി അരുണാചൽ പ്രദേശ് മൂന്നാം സ്ഥാനത്തുണ്ട്.

✪✪✪

IPL ക്രിക്കറ്റിൽ രാജസ്ഥാൻ റോയൽസ് ഇന്നലെ ഗോഹട്ടിയിൽ ചെന്നൈ സൂപ്പർകിംഗ്സിനെ എട്ടു വിക്കറ്റിന് തകർത്തു.

ഇന്ന് പഞ്ചാബ് കിംഗ്സ്, ഗുജറാത്ത് ടൈറ്റൻസിനെ നേരിടും. വൈകിട്ട് ഏഴരക്ക് ന്യൂ ചണ്ഡീഗഢിലാണ് മത്സരം.

✪✪✪

ഇന്ത്യൻ ഫുട്ബോൾ ലീഗിൽ ഗോകുലം കേരളാ FC ഇന്ന് ഐസ്വാൾ FCയെ നേരിടും. മഞ്ചേരി പയ്യനാട് സ്റ്റേഡിയത്തിൽ വൈകിട്ട് നാലിനാണ് മത്സരം.

✪✪✪

LDFനും UDFനും പകരം പുതിയ രാഷ്ട്രീയം കേരളത്തിൽ ഉണ്ടാവുകയാണെന്ന് BJP സംസ്ഥാന ജനറൽ സെക്രട്ടറി MT രമേശ് പറഞ്ഞു. കോഴിക്കോട് നോർത്ത് മണ്ഡലം NDA സ്ഥാനാർത്ഥിയുടെ വാഹന പ്രചരണ ജാഥ ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം.

കോഴിക്കോട് നോർത്ത് മണ്ഡലം NDA പ്രചരണത്തിന്റെ ഭാഗമായി നടി കുശ്ബു സുന്ദർ രാവിലെ മാവൂർ റോഡിൽ റോഡ് ഷോ നടത്തും.

✪✪✪

നാളെ സംസ്ഥാനത്ത് ട്രഷറി ഇടപാടുകൾ ഉണ്ടാവില്ലെന്ന് ട്രഷറി വകുപ്പ് അറിയിച്ചു. പുതിയ സാമ്പത്തിക വർഷത്തെ ആദ്യ ഇടപാടു ദിവസം ഏപ്രിൽ നാലിനായിരിക്കും.

✪✪✪

മലപ്പുറം പൊന്നാനിയിൽ ബൈക്കുകൾ കൂട്ടിയിടിച്ച് യുവാക്കൾ മരിച്ചു. പൊന്നാനി സ്വദേശികളായ അസ്ലം അൻസിഫ് എന്നിവരാണ് മരിച്ചത്.

✪✪✪

സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണർ A ഷാജഹാൻ കാലാവധി പൂർത്തിയാക്കി ഇന്നലെ സ്ഥാനം ഒഴിഞ്ഞു. 2021 മാർച്ച് 31നാണ് അദ്ദേഹം സംസ്ഥാന തെരഞ്ഞെടുപ്പ് കമ്മീഷണറായി പദവി ഏറ്റെടുത്തത്. കഴിഞ്ഞ വർഷത്തെ തദ്ദേശ തെരഞ്ഞെടുപ്പും ഉപതെരഞ്ഞെടുപ്പുകളും അദ്ദേഹത്തിന്റെ മേൽനോട്ടത്തിലാണ് നടത്തിയത്.

✪✪✪

കണ്ണൂർ വിമാനത്താവളത്തിൽ നിന്ന് നവി മുംബൈ യിലേക്ക് ഇൻഡിഗോ സർവീസ് ഇന്നാരംഭിക്കും. ചൊവ്വ, വ്യാഴം, ശനി ദിവസങ്ങളിലാണ് സർവീസ്.

കണ്ണൂരിൽ നിന്ന് മസ്കറ്റ്, ഷാർജ, ജിദ്ദ എന്നിവിടങ്ങളി ലേക്ക് ഏപ്രിൽ നാലുവരെ പ്രത്യേക സർവീസുകളും ഉണ്ടായിരിക്കും.

✪✪✪

*News Editor & News Reader: അനിൽ ചന്ദ്രൻ*
*News team : അബ്ദുൾ കബീർ, രജിന കെ*
*DEO: സി കെ സുബോധ്*